ചോദ്യമില്ലാത്ത വായന

നിബ്ബ്
കുഞ്ഞിക്കണ്ണൻ വാണിമേൽ


യേശുദാസ്

വായിക്കാൻ സമയമില്ലെന്നു പറയുന്നതു ജീവിക്കാൻ സമയമില്ലെന്നു പറയുന്നതുപോലെയാണെന്നു സ്റ്റാലിൻ പറഞ്ഞ കാര്യം ഞാൻ മനസ്സിലാക്കിയത് ആലപ്പുഴയിലെ ഐക്യ ഭാരത വായനശാലയിൽ നിന്നെടുത്ത ഒരു പുസ്തകത്തിൽ നിന്നാണ്. ഒരുപാടു പാതകം ചെയ്യുന്നവർ ചിലപ്പോൾ വിശുദ്ധമായ പരാമർശങ്ങൾ വിളിച്ചു പറയാറുണ്ട്.- കെ. പി. അപ്പൻ (കാറ്റും കഥകളും ജീവിതവും- മനോരമ വാർഷികം 2001). ആത്മാർത്ഥമായ വായനയിൽ നിന്നാണ് നമ്മുടെ മനസ്സിൽ സംവാദ സാമർത്ഥ്യം രൂപപ്പെടുന്നത്. വിമർശകൻ ചരിത്രത്തിന്റെ മുന്നിലേക്ക് കുതിക്കുന്നവനായിരിക്കണം. കെ. പി. അപ്പൻ ഓർമ്മപ്പെടുത്തിയതും മറ്റൊന്നല്ല.

പത്തിമടക്കുന്ന വിമർശനം

സക്കറിയ വിമർശനങ്ങൾ പിൻവലിച്ച് (മാതൃഭൂമി) സൗമ്യശീലനായി മാറുന്നു. കേൾക്കുമ്പോഴും വായിക്കുമ്പോഴും നല്ലകാര്യം. സക്കറിയയുടെ നിലപാടുകളോട് എല്ലാവരും യോജിക്കുന്ന കാലം വരുന്നു. പല സന്ദർഭത്തിലും സക്കറിയ മറ്റുള്ളവരെ ഇണക്കിയും പിണക്കിയും നിർത്തിയിട്ടുണ്ട്. അതൊരു സക്കറിയാതന്ത്രം എന്നുവരെ വിശേഷിപ്പിച്ചിട്ടുണ്ട്. ഇപ്പോൾ ഗായകൻ യേശുദാസിനെ പ്പറ്റി 1984-ൽ നടത്തിയ വിമർശനങ്ങൾക്കാണ് സക്കറിയ പശ്ചാത്തപിക്കുന്നത്. യേശുദാസിന്റെ ആലാപന ശൈലിയും ഗാനങ്ങളും വിമർശനത്തിന് വിധേയമാകുന്നതിൽ എന്തെങ്കിലും പന്തികേടുണ്ടോ? ഈടുറ്റ വിമർശനം കലാകാരനോടുള്ള അനാദരവല്ല; സർഗാത്മകമായ ഇടപെടലാണ്. ആരോഗ്യകരമായ വിമർശനങ്ങൾ ഉൾക്കൊള്ളുന്ന കലാകാരന്മാരിൽ യേശുദാസും ഉൾപ്പെടാതിരിക്കില്ല. അദ്ദേഹത്തിന്റെ ഗാനങ്ങളെക്കുറിച്ചും ആലാപനശൈലിയെപ്പറ്റിയും ആത്മാർത്ഥമായി പഠിച്ച് വിമർശനം നടത്തിയവർക്ക് സക്കറിയയുടെ അവസ്ഥ ഉണ്ടാവാനിടയില്ല. വിമർശനമായാലും അവബോധത്തിന്റെ അടിത്തറയിൽ നിന്നാകുമ്പോൾ പശ്ചാത്തപിക്കേണ്ടിവരില്ല.

അപ്പു മുട്ടറ

എഴുത്തിന്റെ പുതുമുദ്രകൾ

മലയാളത്തിലെ പുതിയ എഴുത്തുകാർ എവിടെ നിൽക്കുന്നു? വരമൊഴിയിൽ തെളിയുന്ന സൗന്ദര്യശാസ്ത്രമെന്ത്? എന്നിങ്ങനെ നിരവധി ചോദ്യങ്ങൾ വായനയിൽ തെളിയുന്നുണ്ട്. ആ വഴിയിലേക്ക് നമ്മുടെ ശ്രദ്ധപതിപ്പിക്കുന്ന അഞ്ച് പുസ്തകങ്ങളാണ് ചുവടെ പരാമർശിക്കുന്നത്. ഹക്കീം വെളിയത്ത്, സി. കെ. സുജിത്ത്, മിനി ബാബു, ഇയ്യ വളപട്ടണം, അപ്പുമുട്ടറ എന്നിവരുടെ കൃതികൾ.

മദീനയുടെ മന്ദഹാസം

വർത്തമാനകാല ലോകം മനുഷ്യാവസ്ഥക്ക് മുന്നിൽ നിന്ദ്യവും ഹീനവുമായ ദുരന്തങ്ങളും ദുരവസ്ഥകളും സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു. ഇതിന് പ്രതിവിധിയെന്ത്? സമാധാനത്തിന്റെയും സാഹോദര്യത്തിന്റെയും സ്നേഹത്തിന്റെയും സ്വപ്നങ്ങൾ പൊലിപ്പിച്ചെടുത്ത് സമകാലിക ഉത്കണ്ഠകളെ അതിജീവിക്കാൻ കഴിയുമെന്ന് വിശ്വസിക്കുന്ന എഴുത്തുകാരനാണ് ഹക്കീം വെളിയത്ത്. മദീനയുടെ മന്ദഹാസം എന്ന പുതിയ കാവ്യസമാഹാരത്തിലൂടെ ഹക്കീം ഭൗതിക പ്രശ്നങ്ങൾ തരണം ചെയ്യാൻ മാതൃകയായി നബിയുടെ ജീവിതഘട്ടങ്ങൾ വിവരിക്കുന്നു. ആത്മഭാഷണങ്ങളും കാരുണ്യദർശനങ്ങളും ഇഴചേർത്ത് ഹക്കീം രചിച്ച കവിതകൾ സത്യവിശ്വാസിയുടെ ഉള്ളുരയാണ്. അത് വിനയത്തിന്റെയും വണക്കത്തിന്റെയും ഭാഷയിലൂടെ മദീനയുടെ മന്ദഹാസം അടയാളപ്പെടുത്തുന്നു. ആമുഖം ഡോ. സുകുമാർ അഴീക്കോട്.-(ആർ. എസ്. സി അബുദാബി, 40 രൂപ)

ലൈഫ്‌ലോങ് വാലിഡിറ്റി

ഒടുവിൽ... അവൾ മുലപ്പാൽ വിറ്റ് സ്വന്തം കുഞ്ഞുങ്ങളുടെ വിശപ്പകറ്റി- സി. കെ. സുജിത്തിന്റെ മാതൃത്വം എന്ന കഥ. ഒറ്റവരിയിൽ ആധുനിക ലോകത്തിന്റെ ഉള്ളുരുക്കം എഴുതിയിരിക്കുന്നു. ജീവിതത്തിന്റെ ദുരന്തചിത്രങ്ങളാണ് കൊച്ചുകഥകളിൽ സുജിത്ത് വരച്ചിടുന്നത്. ആറ്റിക്കുറുക്കിയ വാക്കുകൾ കൊണ്ട് വർത്തമാനകാലത്തിന്റെ ഇരുളിടങ്ങളാണ് സുജിത്ത് എഴുതിയത്. 54 കൊച്ചുകഥകളാണ് ലൈഫ്‌ലോങ് വാലിഡിറ്റിയിലുള്ളത്. ബാരക്ക്, സ്വയം തൊഴിൽ, ആധി, പെൻഷൻ, നന്ദി, ക്വട്ടേഷൻ, റിയാലിറ്റിഷോ ഈ രീതിയിലുള്ള പ്രമേയങ്ങളിൽ കഥയും നർമ്മവും യാഥാർത്ഥ്യത്തിന്റെ തീക്ഷ്ണതയും കണ്ടെടുക്കുന്ന എഴുത്തുവിദ്യ സുജിത്തിന്റെ രചനകളുടെ സവിശേഷതയാണ്. വീണ്ടും വീണ്ടും വായിക്കാവുന്ന കഥകൾ. -(കൈരളി ബുക്സ് കണ്ണൂർ, 40 രൂപ)

നഗരസന്ധ്യ

മിനിബാബുവിന്റെ 26 കവിതകൾ. ലളിതവും സുതാര്യവുമായ ഭാഷയിലൂടെ സാമൂഹികജീവിത പ്രശ്നങ്ങളാണ് മിനിബാബു പറയുന്നത്. കവിതയെക്കുറിച്ചും എഴുത്തിനെപ്പറ്റിയും വ്യക്തമായ ഒരു നിലപാട് മിനിബാബുവിനുണ്ട്. ഒരു തുണ്ട് കടലാസിൽ വടിവൊത്ത കയ്യക്ഷരത്തിൽ എഴുതുന്നതല്ല കവിത. ആത്മാവിന്റെ നിലവിളിയായി കവിതയെ ചേർത്തുപിടിക്കുന്ന മനസ്സിന്റെ നിതാന്തസാന്നിദ്ധ്യം നഗരസന്ധ്യയിലുണ്ട്. വീട്ടിൽ വിരിയുന്ന കവിത എന്ന് അവതാരികയിൽ പി. സോമനാഥൻ വിശേഷിപ്പിക്കുന്നു.-(ഭാഷാ ബുക്സ് പേരാമ്പ്ര, 25 രൂപ)

കുറുക്കന്റെ കണ്ണുകൾ

ഇയ്യ വളപട്ടണത്തിന്റെ പ്രഥമ കഥാസമാഹാരം. ഉറക്കത്തിനും ഉണർവ്വിനും ഇടയിലെ തോന്നലുകളാണ് ഈ കഥകളെ ചടുലമാക്കി നിർത്തുന്നത്. കാൽപ്പാദം കൊണ്ട് ഭൂമി അളക്കുന്ന സർക്കസ്സുകാരനെ തൊട്ടുകൊണ്ടാണ് പുസ്തകത്തിലെ ആദ്യ കഥ-(തിളങ്ങുന്ന നാട്ടിലെ...), അവസാനകഥയിൽ (എഴുത്തുപുരയിലെ വിശേഷങ്ങൾ) തൊണ്ടയിൽ കുടുങ്ങിയ വാക്കുകളോടെ ദൂരെ നോക്കി അവർ ഇരിക്കുന്നു എന്നൊരു ചിത്രവും. ജീവിതത്തിന്റെയും എഴുത്തിന്റെയും രണ്ടു ദൂരങ്ങളെ കോർത്തിണക്കുന്ന രേഖാഖണ്ഡമാണ് ഇയ്യ വളപട്ടണത്തിന്റെ കുറുക്കന്റെ കണ്ണുകൾ അഥവാ ആൺനോട്ടം എന്ന കൃതി.-(കൈരളി ബുക്സ്, 40 രൂപ)

നമുക്കൊന്നു മിണ്ടാം

വേട്ടക്കാരുടെ മുന്നിലകപ്പെട്ട ഇരയുടെ സുഖമാണ് എന്റേത് -എന്നിങ്ങനെ ഇരയുടെ വേദനയാണ് അപ്പുമുട്ടറയുടെ കവിതകളുടെ മുഖമൊഴി. നമുക്കൊന്നു മിണ്ടാം എന്ന സമാഹാരത്തിൽ 34 കവിതകളുണ്ട്. മനസ്സിന്റെ ഹരിതകാന്തിയും സൗമ്യതയുടെ നീലാകാശവും വിതാനിച്ചു നിൽക്കുന്ന കാവ്യതട്ടകമാണ് അപ്പുമുട്ടറയുടെ പുസ്തകം. അകംപുറം നിരീക്ഷണത്തിന്റെ കരുത്തും ആർദ്രതയും ഈ കവിയുടെ രചനകളിലുണ്ട്. അവതാരികയിൽ ആശ്രമം വിജയൻ: കവി തന്റെ ആത്മനൊമ്പരങ്ങളുടെ പരസഹസ്രം അഗ്നിശലാകകളെ അഷ്ടദിക്കുകളിലേക്കും എയ്തുവിടുന്ന സവ്യസാചിയാണ്. - ജീവിതാവബോധത്തിന്റെ ആഴത്തറകളിൽ വേരൂന്നിയ കവിതകളുടെ നിറവ്.-(ചിദംബരം ബുക്സ്, 40 രൂപ)

ഹക്കീം വെളിയത്ത്

സി.കെ. സുജിത്ത്

മിനി ബാബു

ഇയ്യ വളപട്ടണം

മിനിക്കഥകൾ
അഷ്റഫ് കല്ലോട്

വാചാലത

കുഴിമടിയൻ കഠിനാധ്വാനത്തെക്കുറിച്ച് പ്രസംഗിച്ച് ഒന്നാം സ്ഥാനം നേടി. കഠിനാധ്വാനി അധികമൊന്നും പറയാനാവാതെ പിറകിലുമായി.

ശത്രു

പുറത്തെല്ലാം തെരഞ്ഞുമടുത്തപ്പോഴാണ് അയാൾക്ക് ആ സത്യം മനസ്സിലായത്. ശത്രു ഉള്ളിൽത്തന്നെയാണ്.

ടവർ ട്രീസ്

മരങ്ങളെക്കുറിച്ച് പഠിക്കാനാണ് കുട്ടികൾ മലകയറിയത്. തിരിച്ചുവന്നപ്പോഴാകട്ടെ, അവരുടെ നോട്ടുപുസ്തകങ്ങളിലത്രയും വ്യത്യസ്ത കമ്പനികളെക്കുറിച്ചുള്ള വിവരണങ്ങളായിരുന്നു.

വലിയ നുണ

വിഷമിച്ചിരിക്കുന്ന ടെലഫോണിനോട് മറ്റൊരു ടെലഫോൺ ചോദിച്ചു- സുഖം തന്നെയല്ലേ?.
ഒ.കെ. വളരെ സുഖം.
അങ്ങനെ വലിയൊരു നുണ സൃഷ്ടിക്കപ്പെട്ടു.

നാവ്

നാവായിരുന്നു എല്ലാത്തിനും ഉത്തരവാദി.
പക്ഷേ, തിരിച്ചടികളെല്ലാം ഏറ്റുവാങ്ങിയത് അവയവങ്ങളായിരുന്നു.

ഓപ്പൺ കോളം

കെ.എ. കൊടുങ്ങല്ലൂർ പുരസ്കാരത്തിന് കഥകൾ ക്ഷണിക്കുന്നു

പ്രശസ്ത സാഹിത്യകാരനും ചിന്തകനുമായിരുന്ന കെ.എ.കൊടുങ്ങല്ലൂരിന്റെ സ്മരണാർഥം മാധ്യമം റിക്രിയേഷൻ ക്ലബ് ഏർപ്പെടുത്തിയ പുരസ്കാരത്തിന് ചെറുകഥകൾ ക്ഷണിക്കുന്നു.

2009 ജനുവരി 1 മുതൽ ഡിസംബർ 31 വരെ പുറത്തിറങ്ങിയ ദിനപത്രങ്ങളിലെ ഞായറാഴ്ചപ്പതിപ്പുകൾ ഉൾപ്പെടെയുള്ള ആനുകാലികങ്ങളിൽ പ്രസിദ്ധീകരിച്ച മികച്ച മലയാള ചെറുകഥക്കാണ് അവാർഡ് നൽകുന്നത്. 10,000 രൂപയും പ്രശസ്തി പത്രവുമടങ്ങുന്നതാണ് പുരസ്കാരം.

കഥാകൃത്തുക്കൾക്ക് നേരിട്ടും വായനക്കാർക്കും വായനശാലകൾക്കും ക്ലബുകൾക്കും പ്രസിദ്ധീകരണങ്ങൾക്കും കഥകൾ നിർദേശിക്കാം. കഥയുടെ പ്രസിദ്ധീകരിച്ച ഒരു കോപ്പിയും പ്രസിദ്ധീകരണം, ലക്കം, തീയതി തുടങ്ങിയ വിവരങ്ങളും കൂടെ അയയ്ക്കണം. പ്രശസ്ത എഴുത്തുകാർ അടങ്ങിയ ജഡ്ജിങ് കമ്മിറ്റിയാണ് കഥകൾ വിലയിരുത്തുക.

എൻട്രികൾ എം. കുഞ്ഞാപ്പ, കൺവീനർ, കെ.എ. കൊടുങ്ങല്ലൂർ അവാർഡ് സമിതി, മാധ്യമം റിക്രിയേഷൻ ക്ലബ്, പൂപ്പലം, പെരിന്തൽമണ്ണ, മലപ്പുറം. ഫോൺ: 9645006028 എന്ന വിലാസത്തിൽ 2010 ഏപ്രിൽ 15നകം ലഭിച്ചിരിക്കണം. കവറിനുപുറത്ത് കെ.എ. കൊടുങ്ങല്ലൂർ കഥാപുരസ്കാരത്തിന് എന്ന് എഴുതണം.

എം. കുഞ്ഞാപ്പ
പെരിന്തൽമണ്ണ

തൊഴിലിന്റെ മഹത്വവും ആത്മീയതയും

കളിമണ്ണിന് ജീവൻ നൽകിയവരാണ് കുശവൻമാർ. മനുഷ്യ ജീവിതത്തോടൊപ്പം കളിമൺ പാത്രങ്ങളും രൂപപ്പെട്ടുവെന്ന് പറയുന്നതാവും ശരി. പൗരാണികതയുടെ അന്വേഷണത്തിൽ ചരിത്രകാരന് കൂട്ടാവുന്നതും മൺപാത്രങ്ങൾ തന്നെ. എഴുത്തിന്റെ പരിണാമവുമായി പാത്ര നിർമാണത്തിന് ബന്ധമുണ്ട്. ഒരുകാലത്ത് കളിമണ്ണിന്റെ മൃദുല പ്രതലത്തിലായിരുന്നു എഴുത്ത്.

വായന
ഹാരിസ് മടവൂർ

ചെളിയും വിയർപ്പും പുരണ്ട മേനികൾ എന്നും അരുക്കാക്കപ്പെട്ട ചരിത്രമാണുള്ളത്. തൊഴിലിന്റെയും കുലമഹിമയുടെയും ഉച്ചനീചത്വങ്ങൾ മനുഷ്യനെ മതിൽകെട്ടി വേർതിരിച്ചിരുന്നു ഒരു കാലത്ത്.-എന്നല്ല, ഒരുപക്ഷേ ഇന്നും. ജീവിതം, അത് ആരുടേതായിരുന്നാലും സുഗമമാക്കിത്തീർക്കുന്നതിനു വേണ്ടി കഷ്ടപ്പെട്ടു പണിയെടുക്കുന്നവർ പുറമ്പോക്കിലേക്ക് തള്ളപ്പെടുകയും അത് അനുഭവിക്കുന്നവർ നെഞ്ചുവിരിച്ച് മുഖ്യധാരയിൽ നിലനിൽക്കുകയും അധികാരത്തിന്റെ ഗർവ് മുഖത്തും മനസ്സിലുമണിയുകയും ചെയ്യുന്ന പ്രവണതക്ക് ഇനിയും അന്ത്യമായിട്ടില്ല. തൊഴിൽപരമായ വർഗവിവേചനം നമ്മുടെ ചുറ്റുവട്ടങ്ങളിൽ വരെ ഇപ്പോഴും സജീവമാണ്. മനുഷ്യന്റെ ജീവിതത്തിനും അതിജീവനത്തിനും അത്യാവശ്യമായ കാര്യങ്ങൾ ചെയ്യുന്നവർ അരികിലാക്കപ്പെടുകയും അവയുടെ ഫലമനുഭവിച്ച് സ്വപ്നങ്ങളുടെയും ഊഹങ്ങളുടെയും ലോകത്ത് പണിയെടുക്കുന്നവർ നിറഞ്ഞുനിൽക്കുകയും ചെയ്യുന്നു.

'പൊരിവെയിലത്തും പെരുമഴയത്തും ചെളിയിൽ പണിചെയ്ത്, ശരീരം മണ്ണാർന്നവർക്കു കൂടെയാണ് ദൈവം' എന്ന ടാഗോറിയൻ വചനം, ഇന്ത്യൻ സാഹിത്യത്തിന്റെ ഉദാത്തമായ ഉദ്ഘോഷമായി കാണപ്പെടാറുണ്ടെങ്കിലും ഇന്ത്യൻ സംസ്കാരത്തിൽ അതിന് കാര്യമായ സ്വാധീനങ്ങളുണ്ടാക്കാനായിട്ടില്ലെന്നതിന്റെ തെളിവാണ് തൊഴിലിനെ നാം വർഗീകരിച്ചു കാണുന്നു എന്നുള്ളത്.

ഈ പശ്ചാത്തലത്തിലാണ് പ്രമുഖ ചിന്തകനും ദലിത് ബുദ്ധിജീവിയുമായ കാഞ്ച ഐലയ്യയുടെ 'ടേണിംഗ് ദി പോട്ട്, ടില്ലിംഗ് ദി ലാന്റ്' എന്ന കൃതി പ്രസക്തമാകുന്നത്. തൊഴിലിന്റെ ഉദാത്തത അതിന്റെ ഫലത്തെ ആശ്രയിച്ചിരിക്കുന്നു എന്ന ലളിതമായ ആശയം കൈമാറുമ്പോൾ തന്നെ ഈ കൃതി, കാഞ്ച ഐലയ്യയുടെ മറ്റു പുസ്തകങ്ങളെപ്പോലെ അതിശക്തമായി വരേണ്യ വർഗത്തിന്റെ അധികാരദണ്ഡുകളെ ഒടിച്ചുവീഴ്ത്തുന്നു. 'കണ്ണു തുറന്നു നോക്കാൻ' ടാഗോർ പറയുന്നത്, വ്യംഗമായി ആവർത്തിക്കുകയാണ് ഐലയ്യ.

വായനയുടേയും എഴുത്തിന്റേയും ലോകത്തേക്ക് പ്രവേശനമില്ലാതെ ഭക്ഷണസാധനങ്ങളും മറ്റു പ്രാഥമിക സാമഗ്രികളും ഒരുക്കുന്നവനാണ് അദ്ദേഹം പുസ്തകം സമർപ്പിക്കുന്നത്. ഡോക്ടർക്കും എഞ്ചിനീയർക്കും മാനേജർക്കും സ്വന്തം കൈ കൊണ്ട് റോഡ് തൂത്തുവാരാനും ഷൂ പോളിഷ് ചെയ്യാനും പച്ചക്കറി വിൽക്കാനും പാടില്ലേ എന്ന ചോദ്യത്തോടെയാണ് പുസ്തകത്തിന്റെ തുടക്കം. 2006-ലെ സംവരണ വിരുദ്ധ സമര കാലത്ത് അത്തരം ജോലികൾ ചെയ്ത് പ്രതിഷേധിച്ചവരുടെ വിവരക്കേടും കുട്ടികളെ അത്തരം ജോലികൾ പരിശീലിപ്പിക്കേണ്ടതിന്റെ ആവശ്യകതയും പുസ്തകം മുന്നോട്ടുവെക്കുന്നു. ഉന്നത വിദ്യാഭ്യാസത്തിന് പോകുന്ന കുട്ടികൾക്ക് ഉൽപാദന മേഖലയോട് വിരക്തിയുണ്ടാക്കുന്നതിലാണ് ആധുനിക വിദ്യാഭ്യാസത്തിന്റെ മിഴിവും കഴിവും.

വീട് വൃത്തിയാക്കലും വസ്ത്രമലക്കലും മാലിന്യങ്ങൾ നീക്കലും വിലകുറഞ്ഞ പണികളാണെന്ന സാമൂഹ്യബോധത്തിന്റെ നിലവാരം അളക്കാൻ പ്രത്യേക ഉപകരണം അന്വേഷിക്കേണ്ടിയിരിക്കുന്നു. ഭക്ഷണം കഴിച്ച ശേഷം പാത്രം കഴുകിവെക്കൽ അമ്മയുടെ മാത്രം ജോലി. പാടത്ത് കിളക്കലും വസ്ത്രമലക്കലും വിദ്യാഭ്യാസം ലഭിച്ചിട്ടില്ലാത്തവന്റെ ഗതിഗേടിന്റെ അവസാന വാക്ക്. ഇത്തരം വികലമായ ധാരണകളെ കുട്ടികളുടെ മനസ്സിൽ സ്ഥാപിച്ചെടുക്കലാണ് വിദ്യാഭ്യാസത്തിന്റെ വിജയമെന്ന് എല്ലാവരും വിശ്വസിക്കുന്നു. ലിംഗത്തിന്റേയും ജാതിയുടേയും ലേബലിൽ തൊഴിലിന്റെ മഹത്വം തീരുമാനിക്കപ്പെടുന്ന പ്രവണത അവസാനിപ്പിക്കണമെന്നാണ് കാഞ്ച ഐലയ്യയുടെ നിർദ്ദേശം. അമ്മയും കർഷകനും കുശവനും ബാർബറും തോട്ടിപ്പണിക്കാരനും സമൂഹത്തിൽ ഒന്നുമല്ലെന്ന ധാരണയുടെ ബലത്തിലാണ് മേലാളന്റെ മാനസിക സുഖം. എന്നാൽ ആധുനിക ഭൗതിക സുഖങ്ങളുടെ മുഴുവൻ പേറ്റന്റും സമൂഹത്തിലെ അടിസ്ഥാന വർഗ്ഗങ്ങൾക്കാണെന്ന് സ്ഥാപിക്കുകയാണ് കാഞ്ച ഐലയ്യ ഈ പുസ്തകത്തിലൂടെ.

ഭക്ഷണങ്ങളുടെ ഗുണമേൻമ ആദ്യം തീരുമാനിച്ചത് ആരാണെന്ന ചോദ്യം പ്രസക്തമാണ്. ആധുനിക ഉപഭോഗ സംസ്കാരത്തിന്റെ ഉറവിടം നാഗരികതയുടെ മുഖംമൂടിയില്ലാത്ത ആദിവാസിയിലാണ് അവസാനിക്കുന്നത്. പഴവർഗ്ഗങ്ങൾക്ക് ഭക്ഷ്യയോഗ്യത തീരുമാനിച്ച ആദ്യ നാവ് അവന്റേതാണ്. തനിക്ക് മാത്രമല്ല കോടാനുകോടി പിൻമുറക്കാർക്ക് മുഴുവൻ ഭക്ഷണമൊരുക്കുകയാണെന്ന അഹങ്കാര ബുദ്ധിയും അവനുണ്ടായിരിക്കില്ല. സസ്യാഹാരങ്ങൾ മാത്രമല്ല, മാംസത്തിന്റെ രുചിയും ലോകത്തിന് അറിയിച്ചുകൊടുത്തത് അവൻ തന്നെ. ഏകദേശം 10,000 സസ്യവർഗ്ഗങ്ങളുടെ ഉപയോഗം ആദിവാസിക്കറിയാം. ഇതിൽ 8000 ഇനങ്ങൾ ഔഷധത്തിന് മാത്രമാണ്. 3500 സസ്യങ്ങൾ ഭക്ഷ്യ ആവശ്യത്തിനും 325 ഇനങ്ങൾ കീടനാശിനികളായും ഉപയോഗിക്കാം.

പാലും തൈരും വെണ്ണയും കന്നുകാലികളുടെ പിന്നാലെ അലയുന്ന അധസ്ഥിതന്റെ അധ്വാന ഫലമാണ്. കന്നുകാലികളുടെ മഹത്വം തിരിച്ചറിഞ്ഞവർ അന്യമായിരുന്നെങ്കിൽ ജീവിതത്തിന്റെ വെൺമയം നഷ്ടപ്പെടുമായിരുന്നു. പ്രവാചകൻ മുഹമ്മദ് നബിയും യേശുക്രിസ്തുവും ആ മഹത്വം തിരിച്ചറിഞ്ഞവരാണ്. 2006-ൽ ലോക പാലുൽപാദനം 650 മില്യൺ ടണ്ണാണെന്ന് കണക്കാക്കപ്പെടുന്നു. ഇതിൽ ബഹുഭൂരിഭാഗവും ചുരത്തിക്കൊടുത്തത് ഇന്ത്യയാണ്. കാരണം ലോകത്തിലെ എരുമകളിൽ 53 ശതമാനം ഇന്ത്യയിൽ ജീവിക്കുന്നു. ഇന്ത്യൻ പാലുൽപാദനത്തിന്റെ പ്രധാന സ്രോതസ്സാണ് എരുമകൾ. ഇന്ത്യയിലെ ക്ഷീര സമ്പദ്ഘടന എരുമകളെ ആശ്രയിച്ചുമാത്രമാണ് നിലനിൽക്കുന്നത്. പാലിന്റെ 57 ശതമാനം എരുമകൾ ചുരത്തുന്നു. പോഷക മൂല്യത്തിലും മുന്നിൽ എരുമപ്പാലാണ്. എങ്കിലും എരുമക്ക് ദൈവികത ലഭിക്കാതെ പോയത് കറുത്തവളായതുകൊണ്ട് മാത്രം. വെളുത്തവന് കറുത്തവനോടുള്ള വർണ്ണ വിവേചനമാണ് ഇവിടെ പ്രകടമാകുന്നത്. 750 ഡോളർ വിലയുള്ള ചെരുപ്പുൽപാദിപ്പിക്കുന്ന മനോലോ ബ്ലാഹ്നിക് പൗരാണിക ചെരുപ്പുകുത്തിയുടെ പിൻമുറക്കാരൻ മാത്രം. തുകൽ വ്യവസായത്തിന് അടിത്തറയിട്ടത് ആദിവാസിയാണ്. പരുക്കൻ രൂപങ്ങളിൽനിന്ന് ആധുനിക മാർദവത്തിലേക്ക് തുകൽ വ്യവസായം വളർന്നതിന്റെ പ്രേരക ശക്തി അവഗണിക്കപ്പെട്ടവന്റെ വിയർപ്പായിരുന്നു.

മനുഷ്യന്റെ ജീവിതത്തിനും അതിജീവനത്തിനും അത്യാവശ്യമായ കാര്യങ്ങൾ ചെയ്യുന്നവർ അരികിലാക്കപ്പെടുകയും അവയുടെ ഫലമനുഭവിച്ച് സ്വപ്നങ്ങളുടെയും ഊഹങ്ങളുടെയും ലോകത്ത് പണിയെടുക്കുന്നവർ നിറഞ്ഞു നിൽക്കുകയും ചെയ്യുന്നു. 'പൊരിവെയിലത്തും പെരുമഴയത്തും ചെളിയിൽ പണിചെയ്ത്, ശരീരം മണ്ണാർന്നവർക്കു കൂടെയാണ് ദൈവം' എന്ന ടാഗോറിയൻ വചനം, ഇന്ത്യൻ സാഹിത്യത്തിന്റെ ഉദാത്തമായ ഉദ്ഘോഷമായി കാണപ്പെടാറുണ്ടെങ്കിലും ഇന്ത്യൻ സംസ്കാരത്തിൽ അതിന് കാര്യമായ സ്വാധീനങ്ങളുണ്ടാക്കാനായിട്ടില്ലെന്നതിന്റെ തെളിവാണ് തൊഴിലിനെ നാം വർഗീകരിച്ചു കാണുന്നു എന്നത്.

റോഡുകളും ഗ്രാമപാതകളും വൃത്തിയാക്കുന്ന ദളിതൻ സമൂഹത്തിൽ ചെയ്യുന്ന ജോലിയയുടെ മഹത്വം തിരിച്ചറിയപ്പെടാതെ പോകുന്നതിന്റെ വിപരീത ബുദ്ധി കൗതുകം നിറഞ്ഞതാണ്. സമൂഹത്തെ ആരോഗ്യത്തോടെ പരിപാലിക്കുകയെന്ന ഭാരിച്ച ജോലിയാണ് അവർക്കുള്ളത്. കർഷകൻ ജോലി നിർത്തിയാൽ ആർക്കാണ് ചേതം? എല്ലാ 'മഹാത്മാക്ക'ളും ചത്തുപോകുമെന്ന് കാഞ്ചയുടെ മറുപടി. വിശദീകരണങ്ങളില്ലാതെ കാർഷികന്റെ മഹത്വം മനസ്സിലാക്കാൻ ഇതു തന്നെ ധാരാളം. സമൂഹത്തിന്റെ പശിയടക്കുന്നവനാണ് കർഷകൻ. ഭൂമി കിളക്കുന്നവരെയാണ് ദൈവം ഏറെ ഇഷ്ടപ്പെടുന്നതെന്ന ആത്മീയതയും അദ്ദേഹം കൃഷിക്ക് നൽകുന്നുണ്ട്.

കളിമണ്ണിന് ജീവൻ നൽകിയവരാണ് കുശവൻമാർ. മനുഷ്യ ജീവിതത്തോടൊപ്പം കളിമൺ പാത്രങ്ങളും രൂപപ്പെട്ടുവെന്ന് പറയുന്നതാവും ശരി. പൗരാണികതയുടെ അന്വേഷണത്തിൽ ചരിത്രകാരന് കൂട്ടാവുന്നതും മൺപാത്രങ്ങൾ തന്നെ. എഴുത്തിന്റെ പരിണാമവുമായി പാത്ര നിർമാണത്തിന് ബന്ധമുണ്ട്. ഒരുകാലത്ത് കളിമണ്ണിന്റെ മൃദുല പ്രതലത്തിലായിരുന്നു എഴുത്ത്. ആദ്യത്തെ സാക്ഷര സമൂഹവും കുശവൻമാരായിരിക്കാമെന്നും കാഞ്ച ഐലയ്യ സമർത്ഥിക്കുന്നുണ്ട്. കൈത്തറി യന്ത്രങ്ങളുടെ വികാസം ആരുടെ തലയിൽനിന്നാണെന്ന് അദ്ദേഹം ചോദിക്കുന്നു. ആധുനിക ടെക്സ്റ്റയിലിന്റെ രൂപപരിണാമത്തിന് പിന്നിൽ ദ്രുതതാളത്തോടെ ചലിക്കുന്ന കൈകൾ കാണാം. മൃഗത്തോലിൽനിന്ന് ആധുനിക തുണിത്തരങ്ങളുടെ ലോകത്തേക്കുള്ള വികാസം എത്രയും കൗതുകം നിറഞ്ഞതാണ്. പൗരാണിക മനുഷ്യൻ തുണിനെയ്ത്ത് കണ്ടുപിടിച്ചതിന്റെ രസകരമായ കഥകളിലേക്ക് പുസ്തകം വെളിച്ചം വീശുന്നുണ്ട്. ഇന്ത്യയിൽ കൈകൊണ്ട് നെയ്തെടുത്ത തുണിത്തരങ്ങൾ ലോകനിലവാരം പുലർത്തിയിരുന്നെങ്കിലും അതിന് പിന്നിലെ മനുഷ്യനോട് നീതിപുലർത്താൻ ഇന്ത്യൻ സമൂഹത്തിന് അക്കാലത്ത് സാധിച്ചില്ല. ആദ്യ കെമിക്കൽ സോപ്പിന്റെ കണ്ടുപിടുത്തം ഇന്ത്യയിലെ അലക്കുകാരനിലേക്ക് എത്തുന്നത്. മറ്റുള്ളവരുടെ അഴുക്കുകൾ വൃത്തിയാക്കുന്നവരെ മനുഷ്യരായി കാണാൻ പക്ഷെ, മനസ്സിൽ അഴുക്കു പുരണ്ടവർക്കായില്ല. സോപ്പിന്റെ രാസഘടകങ്ങൾ കണ്ടെത്തിയ ശൂദ്രരെ ജാതീയതയുടെ അടിത്തട്ടിലേക്ക് തള്ളി. ഔദ്യോഗിക വിദ്യാഭ്യാസം പോലും അലക്കുകാർക്ക് നിഷേധിച്ചു. പഴക്കമേറിയ മൂത്രമായിരുന്നു അലക്കാനുപയോഗിച്ച ആദ്യ ഡിറ്റർജന്റെന്ന വിവരവും പുസ്തകത്തിലുണ്ട്. ആകസ്മികമായിരുന്നു ആ കണ്ടുപിടുത്തം. കുട്ടികളുടെ മൂത്രമായ വസ്ത്രങ്ങൾ ഏതാനും ദിവസത്തിന് ശേഷം അലക്കിയപ്പോൾ അതിവേഗം വെളുത്തത് ശ്രദ്ധയിൽ പെടുകയായിരുന്നു.

സമൂഹം അത്രയൊന്നും ഗൗരവത്തിലെടുക്കാത്ത മറ്റൊരുത്തനാണ് ക്ഷുരകൻ. അവൻ ഭൂമിയിലെ ആദ്യ ഡോക്ടറും ശസ്ത്രക്രിയാ വിദഗ്ധനുമാണ്. ഈജിപ്തുകാരാണ് ആദ്യ ക്ഷുരകരെന്ന് ചരിത്രമുണ്ടെങ്കിലും മുടിവെട്ടിന് വ്യവസ്ഥാപിത രൂപം കിട്ടിയത് ഇന്ത്യയിലാണ്. താടിയെന്ന് അർത്ഥമുള്ള ബാർബയെന്ന ലാറ്റിൻ വാക്കിൽനിന്നാണ് ബാർബറെന്ന ഇംഗ്ലീഷ് വാക്കിന്റെ ഉത്ഭവം. ബാർബേറിയൻ(മ്ലേഛൻ) എന്ന വാക്കിന്റെ തുടക്കം താടി വടിക്കലുമായി ബന്ധപ്പെട്ടിരിക്കുന്നു. താടി വടിക്കാത്താവരെ മുഴുവൻ ബാർബേറിയൻസ് എന്നറിയപ്പെട്ടു. ക്ഷുരക സമൂഹത്തിലെ സ്ത്രീകൾ ഗ്രാമങ്ങളിൽ സൂതികർമ്മിണികളായിരുന്നു. ഇവരാണ് യഥാർത്ഥ നെഴ്സുമാർ. പ്രസവമെടുക്കാനും കുട്ടികളെ പരിപാലിക്കാനും അവർ സഹായിച്ചു. എല്ലാ ജോലികൾക്കും അതിന്റേതായ മഹത്വമുണ്ടെന്ന സമർത്ഥിക്കുന്ന ഈ പുസ്തകത്തിന് പാഠപുസ്തകത്തിന്റെ ഗൗരവവും സൂക്ഷ്മതയുമുണ്ട്. ഓരോരുത്തർക്കും ഭൂമിയിൽ അവരുടേതായ ധർമ്മമുണ്ടെന്നും അത് നിർവ്വഹിക്കപ്പെടാത്ത സമൂഹം താളം തെറ്റുമെന്നും കാഞ്ച ചൂണ്ടിക്കാട്ടുന്നു. ഒരു ജോലിയും ആരുടേയും കുത്തകയോ ജൻമാവകാശമോ അല്ല. മൺപാത്രം നിർമ്മിക്കുന്ന സ്ത്രീയുടെ മകൻ ഡോക്ടറും എഞ്ചിനീയറുമാകുന്നതിന് തടസ്സമെന്ത്? കുശവന് പുരോഹിതനും പുരോഹിതന് കുശവനുമാകുന്നതിൽ യുക്തിപൂർവ്വം ചിന്തിച്ചാൽ തെറ്റില്ല. എന്നാൽ ഇന്ത്യയിലെ ഓരോ ജോലികളും പ്രത്യേകം ജാതിക്കാർക്ക് നീക്കിവെച്ചിത് സവർണ്ണവർഗ്ഗത്തിന്റെ ഗൂഢാലോചനയാണ്. തങ്ങൾ മാത്രം വളർന്നാൽ മതി, മറ്റുള്ളവർ അടിത്തട്ടിൽ കിടക്കട്ടെയെന്ന വക്രബുദ്ധി. നാഗരികതയുടെ ജീവരക്തമാണ് തൊഴിൽ. കഠിനാധ്വാനത്തെ അവഗണിച്ചാൽ അവസതയുടെ കാൻസർ സമൂഹത്തെ കാർന്നുതിന്നുമെന്ന് ഐലയ്യ മുന്നറിയിപ്പ് നൽകുന്നു. ദൈവം ഒരു ജോലിയേയും വെറുക്കുന്നില്ല. ചില മനുഷ്യർ മാത്രമാണ് അത്തരം വെറുപ്പുകൾ കാത്തുസൂക്ഷിക്കുന്നത്. തൊഴിലിനെ നിന്ദിക്കുകയും അലസതയെ വാഴ്ത്തുകയും ചെയ്യുന്നതിൽ ദൈവികതയില്ല. മണ്ണിൽ പണിയെടുക്കുന്നതോടെ ഉപയോഗയോഗ്യമായ സാധനങ്ങൾ രൂപപ്പെടുകയാണ്. പുരോഹിതനും അധ്യാപകനും ഡോക്ടറും അവ ഉപഭോഗം ചെയ്യുന്നുവെന്ന് മാത്രം. ജീവിതത്തിന്റെ ഉറവിടം തൊഴിലിലാണെന്ന് കുട്ടികളെ പഠിപ്പിച്ചെടുക്കേണ്ടിയിരിക്കുന്നു.

തൊഴിലിന്റെ ആത്മീയതയാണ് കാഞ്ച ഐലയ്യക്ക് ഇഷ്ടപ്പെട്ട പ്രധാന വിഷയം. അധ്വാനമാണ് പ്രാർത്ഥനയുടെ യഥാർത്ഥ രൂപം. ഏതെങ്കിലും പ്രത്യേക തൊഴിൽ അശുദ്ധമാണെന്ന് പറയുന്നത് മതനിരാസത്തിന്റെ പ്രകടനമാണ്. തൊഴിലിൽ അശുദ്ധി കണ്ടെത്തുന്ന മതം പോസിറ്റീവല്ല. അത്തരം മതങ്ങൾ മാനുഷ്യ വിരുദ്ധവുമാണ്. മതത്തിനും ദൈവത്തിനും തൊട്ടുകൂടായ്മയും അസമത്വവും ഉപദേശിക്കാൻ സാധിക്കില്ലെന്ന പക്ഷക്കാരനാണ് കാഞ്ച ഐലയ്യ. ജോലികളിലെ ലിംഗവിവേചനമാണ് അദ്ദേഹത്തെ അലോസരപ്പെടുത്തുന്ന മറ്റൊരു തിന്മ. ആൺകുട്ടി വീട്ടുജോലി ചെയ്താൽ അവന്റെ പൗരുഷം കുറയുമോ? പെൺകുട്ടി മണ്ണുകിളച്ചാൽ അവളുടെ സ്ത്രൈണത നഷ്ടപ്പെടുമോ? ചോദ്യങ്ങൾക്കുള്ള ഉത്തരം കിട്ടില്ലെങ്കിലും ഉദാത്തമായ പോരാട്ടവുമായി, എന്നെങ്കിലും ഈ ചോദ്യങ്ങൾ പുലരുമെന്ന് വിശ്വസിക്കുന്നു ഐലയ്യ.